മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# ക്രിസ്തുവിൽ ഒന്ന്

ഡെന്നിസ് ഫോർടിൻ

നാലാം ക്വാർട്ടർ

(ഒക്ടോബർ, നവംബർ, ഡിസംബർ)

2018

വിവർത്തനം: സി. ജെ. ആന്റണി

# ഉള്ളടക്കം

1. സൃഷ്ടിപ്പും പതനവും
(സെപ്തംബർ 29 - ഒക്ടോബർ 5) .......... 5.

2. അനൈക്യത്തിന്റെ കാരണങ്ങൾ
(ഒക്ടോബർ 6 - 12) .......... 13.

3. "അവർ എല്ലാവരും ഒന്നാകേണ്ടതിനു"
(ഒക്ടോബർ 13 - 19) .......... 22.

4. ഐക്യത്തിന്റെ താക്കോൽ
(ഒക്ടോബർ 20 - 26) .......... 32.

5. ആദിമസഭയിലെ ഐക്യ അനുഭവം
(ഒക്ടോബർ 27 - നവംബർ 2) .......... 40.

6. ഐക്യത്തിന്റെ ചിത്രങ്ങൾ (നവംബർ 3 - 9) .......... 49.

7. ഭിന്നതകൾ ഉണ്ടാകുമ്പോൾ (നവംബർ 10 - 16) .......... 58.

8. വിശ്വാസത്തിലെ ഐക്യം (നവംബർ 17 - 23) .......... 66.

9. ഏറ്റവും വിശ്വാസ്യമായ തെളിവ്
(നവംബർ 24 - 30) .......... 75.

10. ഐക്യവും തകർന്ന ബന്ധങ്ങളും
(ഡിസംബർ 1 - 7) .......... 84.

11. ആരാധനയിലെ ഐക്യം (ഡിസംബർ 8 - 14) .......... 92.

12. സഭാഘടനയും ഐക്യവും
(ഡിസംബർ 15 - 21) .......... 101.

13. ഐക്യത്തിന്റെ അന്തിമ വീണ്ടെടുപ്പ്
(ഡിസംബർ 22–28) .......... 109.

## പാഠം 4

# "ഐക്യത്തിന്റെ താക്കോൽ"

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** എഫേ. 1:3-14; ഗലാ.4:7; എഫേ. 2:11-22; 4:1-6; 11; മത്താ. 20:25-28; എഫേ. 5:15- 6:9.

**മനഃപാഠവാക്യം: "അതിനാൽ താൻ മുൻനിർണ്ണയിച്ച തന്റെ പ്രസാദത്തിനു തക്കവണ്ണം തന്റെ ഹിതത്തിന്റെ മർമ്മം അവൻ നമ്മോട് അറിയിച്ചു. അതു സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളത് എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായി ചേർക്കുക എന്നിങ്ങനെ കാല സമ്പൂർണ്ണതയിലെ വ്യവസ്ഥയ്ക്കായിക്കൊണ്ടു തന്നെ." (എഫേസ്യർ 1:9,10)**

എഫേസൊസ് ഏഷ്യാ മൈനറിലെ പ്രധാന വ്യാപാര, സ്വാധീന കേന്ദ്രമായിരുന്നു. ആ സഭയിൽ യഹൂദരും ജാതികളും സമൂഹത്തിന്റെ സകല തുറകളിൽ നിന്നുള്ളവരും ഉണ്ടായിരുന്നു. എന്നാൽ ക്രൈസ്തവസഭാംഗങ്ങൾക്കിടയിൽ ഐക്യം ഇല്ലായിരുന്നെങ്കിൽ എന്തു ഭവിക്കുമായിരുന്നു. ബഹുസ്വഭാവികളായ അംഗങ്ങൾ ചുറ്റുമുള്ളവരെപ്പോലെ ഭിന്നതകളിലേക്കു നീങ്ങുമായിരുന്നു. അതുകൊണ്ട് ക്രിസ്ത്യാനികളിൽ ഐക്യം തന്നെയാണ് എഫേസ്യർക്കുള്ള ലേഖനത്തിലെ പൗലോസിന്റെ പ്രധാന ആശയവും.

ഐക്യത്തെക്കുറിച്ചുള്ള പൗലോസിന്റെ സങ്കൽപത്തിന് ഇരുവശമുണ്ട്: യഹൂദരെയും ജാതികളെയും ക്രിസ്തുവാകുന്ന ശരീരത്തിൽ ഒരുമിപ്പിച്ചുകൊണ്ടുള്ള സഭയ്ക്കുള്ളിലെ ഐക്യം. സാർവ്വലൗകിക ഐക്യം, ഭൂമിയിലും ആകാശത്തിലുമുള്ള സർവ്വതും യേശുവിൽ ഒന്നാകുക.

ഐക്യത്തിന്റെ ഉറവിടം ക്രിസ്തുവാണ്. ലേഖനത്തിൽ ക്രിസ്തുവിൽ എന്നും ക്രിസ്തുവിനോടൊപ്പമെന്നും പ്രയോഗങ്ങൾ കാണാം. യേശുവിന്റെ ജനന, മരണ, ഉത്ഥാനത്തിലൂടെ ദൈവം നമുക്കും പ്രപഞ്ചത്തിനും വേണ്ടി ചെയ്തതിനെ സൂചിപ്പിക്കാനാണിത്. വീണ്ടെടുപ്പിൽ ദൈവത്തിന്റെ പരമ ലക്ഷ്യം സകലതും ക്രിസ്തുവിലൂടെ ഒന്നിപ്പിക്കുകയാണ്. ഈ ഐക്യം പൂർണ്ണമായി വെളിപ്പെടുന്നത് കാലത്തിന്റെ അന്ത്യത്തിലായിരിക്കും.

**ഞായർ** **ഒക്ടോബർ 21**

### ക്രിസ്തുവിലുള്ള അനുഗ്രഹങ്ങൾ

**എഫേസ്യർ 1:3-14 വായിക്കുക: പൗലോസ് പറയുന്നതനുസരിച്ച് ക്രിസ്തുവിൽ നമുക്കെന്തു നൽകപ്പെട്ടിരിക്കുന്നു?**

ദൈവത്തെ സ്തുതിക്കാൻ ക്രിസ്ത്യാനികൾക്ക് അനവധി കാരണങ്ങളുണ്ട്. ക്രിസ്തുവിലൂടെ പുത്രനും പുത്രിയുമായി ദത്തെടുത്ത് ലോകത്തിനു മുന്നിൽ ദൈവപ്രതിനിധികളാക്കി. ക്രിസ്തുവിലൂടെ ദൈവവുമായി നമ്മുടെ ബന്ധത്തെ വർണ്ണിപ്പാൻ പൗലോസ് പല പ്രതിബിംബങ്ങളും ഉപയോഗിക്കുന്നു. ഇവയിൽ ദത്തെടുക്കൽ ഈ ത്രൈമാസ വിഷയമായ ഏകത്വമെന്നത് അർത്ഥവത്താക്കുന്നു. നാം ക്രിസ്തുവിൽ ദത്തെടുക്കപ്പെട്ടിരിക്കുന്നു, നാം ദൈവകുടുംബാംഗങ്ങളാണ്. ഈ

കുടുംബ ചിത്രവും ദൈവത്തിന് ഇസ്രായേൽ മക്കളുമായുള്ള ഉടമ്പടിയുടെ സൂചനയാണ്. പൗലോസിന്റെ ലേഖനപ്രകാരം യേശുവിനെ രക്ഷകനായി സ്വീകരിക്കുന്ന ജാതികളും ദൈവമക്കളാണ്, ഇസ്രായേലിന്റെ വാഗ്ദത്തങ്ങളിൽ കൂട്ടവകാശികളും (റോമ. 8:17, ഗലാ.4:17). ക്രിസ്തുവുമായുള്ള ഈ ബന്ധം, ക്രിസ്തുവിലായിരിക്കുക എന്നതിന്റെ പ്രയോജനം എല്ലാ ക്രിസ്തീയ ഐക്യത്തിന്റെയും അടിസ്ഥാനമാണ്. മനുഷ്യരെ ക്രിസ്തുവിൽ പുനഃയോജിപ്പിക്കുന്നത് സദാ ദൈവീക ആഗ്രഹമായിരുന്നെന്ന് ഈ അദ്ധ്യായം പറയുന്നു. ദൈവകുടുംബത്തിലാകട്ടെ യേശുവിനെ അറിയുന്നത് പ്രത്യേക പദവിയൊന്നും തരുന്നില്ല: നാമെല്ലാം ദൈവപൈതലുകളാണ്, തുല്യ സ്നേഹവും കരുതലും ലഭിക്കുന്നവർ.

ഈ അദ്ധ്യായത്തിൽ മുൻനിർണ്ണയത്തെക്കുറിച്ച് വായിക്കുമ്പോൾ ചിലർ ചിന്താക്കുഴപ്പത്തിലാകും (എഫേ. 1:5,11). ദൈവം നമ്മെ രക്ഷക്കായി തിരഞ്ഞെടുത്തിരിക്കുന്നു എന്നത് മറ്റൊന്നു കൂടി സൂചിപ്പിക്കുന്നില്ലേ-അതായത് ചിലരെ നഷ്ടപ്പെടുവാനായും തിരഞ്ഞെടുത്തു എന്ന്. എന്നാൽ തിരുവചനം പഠിപ്പിക്കുന്നത് അങ്ങനെയല്ല. ലോകത്തിന് അടിസ്ഥാനമിടും മുന്നേ ദൈവം രക്ഷാപദ്ധതി തയ്യാറാക്കി. സകലരും രക്ഷപ്പെടണം എന്നതാണ് ദൈവീക പദ്ധതി. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ.3:16, 1 തിമൊ.2:6, 2 പത്രൊ.3:9 കാണുക). രക്ഷയ്ക്കുള്ള ക്ഷണം ആരെല്ലാം സ്വീകരിക്കുമെന്ന് ദൈവത്തിനു മുന്നമെ അറിയാം. എന്നാൽ അത് തീരുമാനം മുൻനിർണ്ണയിക്കപ്പെട്ടതാക്കുന്നില്ല. ക്രിസ്തു നമുക്കു വേണ്ടി ചെയ്തതിൻ ഫലമായി രക്ഷ സകല മാനവ കുലത്തിനും നൽകപ്പെട്ടിരിക്കുന്നു. എന്നാൽ ചോദ്യമിതാണ്: നമ്മൾ ഈ വാഗ്ദാനത്തോട് എങ്ങനെ പ്രതികരിക്കും? ദൈവം ഒരിക്കലും ഭയപ്പെടുത്തി ആരെയും രക്ഷിക്കുന്നില്ല.

"മനുഷ്യർ പാപികളെങ്കിലും അനുസരണക്കേടിൽ നശിക്കാതിരിക്കാൻ പദ്ധതി സ്വർഗ്ഗസദസ്സിൽ തയ്യാറാക്കി. മറുവിലയായ യേശുവിലെ വിശ്വാസത്തിലൂടെ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാക്കാനുള്ള പദ്ധതി. യേശുക്രിസ്തു സ്വന്ത ഇഷ്ടത്താൽ അവരെ മക്കളായി ദത്തെടുക്കാൻ മുന്നമേ തീർച്ചപ്പെടുത്തി. എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതിനുവേണ്ട എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. മനുഷ്യന്റെ വീണ്ടെടുപ്പു വിലയായി സ്വപുത്രനെ നൽകി. നശിക്കാനുള്ളവർ നശിക്ക തന്നെ ചെയ്യും. അവർ യേശുക്രിസ്തു മുഖാന്തിരം ദൈവമക്കളായി ദത്തെടുക്കപ്പെടാൻ വിസമ്മതിച്ചവരാണ്."-*എലൻ ജി. വൈറ്റ് കമന്റ്സ്, ദി എസ്.ഡി.എ ബൈബിൾ കമന്ററി, വാല്യം 6, പേജ് 1114.*

**തിങ്കൾ** **ഒക്ടോബർ 22**

## വേർപാടിന്റെ നടുച്ചുവർ ഇടിച്ചു

മനുഷ്യരെ പിരിക്കുന്ന ആഴമേറിയ വിഭാഗീയതകൾ വർഗ്ഗ, വർണ്ണ, മത വ്യത്യാസങ്ങളാണ്. തിരിച്ചറിയൽ കാർഡുകൾ മതമേതെന്നും വർഗ്ഗമേതെന്നും സൂചിപ്പിക്കുന്നു. ഇത് ഓരോ വ്യക്തിക്കും സ്വാതന്ത്ര്യങ്ങളും വിലക്കുകളും നൽകുന്നു.

ജീവിതകാലം മുഴുവനുമത് പാലിക്കണം. യുദ്ധങ്ങളും ലഹളയുമുണ്ടാകുമ്പോൾ ഈ കാർഡുകൾ സംഘട്ടനങ്ങൾക്കും എതിർപ്പുകൾക്കും എരിതീയിൽ എണ്ണയൊഴിക്കുന്നു.

**എഫേസ്യർ 2:11–22-ൽ പൗലോസ് ക്രൈസ്തവ സമൂഹത്തിന് ഒരു മികച്ച മാർഗ്ഗം കാട്ടിത്തരുന്നു. ക്രിസ്തുവിലുള്ള ഐക്യം എങ്ങനെ നമ്മുടെ വ്യത്യസ്തതകളെ ബാധിക്കുന്നു? യേശുവിന്റെ മരണത്തിലൂടെ ക്രൂശിൽ തകർക്കപ്പെട്ടതെന്താണ്?**

ക്രിസ്തുവിലൂടെ ദൈവകൃപ ലഭിക്കും മുമ്പ് ജീവിതം എപ്രകാരമായിരുന്നുവെന്ന് ഓർക്കാൻ പൗലോസ് എഫേസ്യരെ ക്ഷണിക്കുന്നു. വർഗ്ഗ, സമുദായിക, മത വ്യത്യാസങ്ങൾ ശത്രുത്വവും സംഘർഷങ്ങളും സൃഷ്ടിച്ചു. സുവാർത്തയെന്തെന്നാൽ ക്രിസ്തുവിൽ നാമെല്ലാവരും ഒരൊറ്റ രക്ഷകനും കർത്താവുമുള്ളവരായി മാറി. നാമെല്ലാവരും ദൈവത്തിന്റെ ജനമായി. "മുമ്പേ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായിത്തീർന്നു" (എഫേ. 2:13).

പുരാതന യെരുശലെം ദൈവാലയത്തിൽ വംശീയ യഹൂദർക്കു മാത്രം പ്രവേശനമുള്ള ഭാഗങ്ങൾ തിരിച്ചറിയാനുള്ള വേർതിരിവിന്റെ ഒരു മതിൽ ഉണ്ടായിരുന്നു. പുറജാതിക്കാർ അവിടെ പ്രവേശിക്കരുതെന്ന് കൊത്തിവച്ചിരുന്നു. മരണമായിരുന്നു ശിക്ഷ. മിഷണറി യാത്രകൾക്കു ശേഷം തിരിച്ചു വന്ന പൗലോസ് അവിടെ പ്രവേശിച്ചത് ലംഘനമായി. ത്രൊഫിമോസ് എന്ന എഫേസ്യനെ ദേവാലയത്തിൽ യഹൂദർ മാത്രം പ്രവേശിക്കുന്നിടത്തേക്ക് കയറ്റിയതാണ് പൗലോസ് ചെയ്ത കുറ്റം (അ.പ്ര. 21:29). ഈ അദ്ധ്യായത്തിൽ പൗലോസ് വാദിക്കുന്നു, ക്രിസ്തു "നമ്മുടെ സമാധാനം. അവൻ ഇരുപക്ഷത്തെയും ഒന്നാക്കി - പുറജാതിക്കാരെയും യഹൂദരെയും ഒന്നാക്കി, വേർതിരിവിന്റെ വൻമതിൽ ഇടിച്ചുകളഞ്ഞു" (എഫേ. 2:14).

വിശ്വാസികൾ ക്രിസ്തുവിൽ അബ്രാഹാമിന്റെ പിന്തുടർച്ചക്കാരും ഹൃദയ പരിച്ഛേദനയേറ്റവരുമാണ്. അബ്രാഹാമിനു ദൈവം നൽകിയ ശാരീരിക പരിച്ഛേദന സൂചിപ്പിച്ചത് വിശ്വാസികൾ ക്രിസ്തുവിൽ സ്വീകരിക്കാനിരുന്ന ആത്മീയ പരിച്ഛേദനയാണ് (ആവ. 10:16). "അവനിൽ നിങ്ങൾക്കു ക്രിസ്തുവിന്റെ പരിച്ഛേദനയാൽ, ജഡശരീരം ഉരിഞ്ഞു കളഞ്ഞതിനാൽ തന്നേ കൈകൊണ്ടല്ലാതെ പരിച്ഛേദനയും ലഭിച്ചു" (കൊലൊ. 2:11).

**എഫേസ്യർ 2:11–22 വരെ വീണ്ടും വായിക്കുക. പൗലോസ് ഇവിടെ എഴുതിയതിന്റെ യാഥാർത്ഥ്യം നമ്മുടെ സഭകളിൽ ഏതെല്ലാം തരത്തിൽ കാണാനാവും? അവശേഷിക്കുന്ന വെല്ലുവിളികൾ എന്തൊക്കെ?**

**ചൊവ്വ** **ഒക്ടോബർ 23**

## ഒരു ശരീരത്തിൽ ഏകത്വം

എഫേസ്യർക്കുള്ള ആത്മപ്രചോദിത വാക്കുകളിൽ പൗലോസ് പ്രായോഗികമാണ്. യഹൂദരും പുറജാതിക്കാരും പല സാമൂഹ്യ വർണ്ണ ചുറ്റുപാടിലുള്ളവരും തമ്മിലെ ഐക്യം കെട്ടുകഥയല്ല, സിദ്ധാന്തങ്ങളിൽ മാത്രം ഒതുങ്ങുന്നതുമല്ല. "നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാം വണ്ണം നടക്കുവിൻ" (എഫേ.4:1)

എന്നു നമ്മോട് ആവശ്യപ്പെടുന്ന ഒരു യാഥാർത്ഥ്യമാണത്.

**എഫേസ്യർ 4:1-3 വരെ വാക്യങ്ങളനുസരിച്ച്, ക്രിസ്തുവിലുള്ള വിളിക്കനുയോജ്യമാംവണ്ണം ക്രിസ്ത്യാനികൾ എങ്ങനെയാണ് നടക്കേണ്ടത്?**

നന്മകളുടെയും കൃപകളുടെയും പ്രായോഗിക ഫലം എന്തെന്നാൽ "ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാക്കുവാൻ" അതു സഹായിക്കുന്നു (എഫേ. 4:3). ഈ ഗുണങ്ങളെല്ലാം വേരൂന്നുന്നത് സ്നേഹത്തിലാണ് (1 കൊരി. 13:1-7). സ്നേഹത്തിന്റെ സജീവ പ്രയോഗം സഹോദരീ സഹോദരന്മാർക്കിടയിൽ ബന്ധങ്ങളെ നിലനിർത്തുന്നു. ക്രിസ്തീയ സമൂഹത്തിലും പുറത്തും സമാധാനവും ഐക്യവും വർദ്ധിപ്പിക്കുന്നു. മറ്റുള്ളവർക്ക് സാക്ഷ്യമാകും വിധം സഭയിലെ ഐക്യം ദൈവസ്നേഹത്തെ അതുല്യമാക്കുന്നു. വിശിഷ്യ പോരും വിഘടനവും യുദ്ധവും നിറഞ്ഞ കാലത്തിൽ സഭയെ വിളിച്ചിരിക്കുന്നത് അത്തരമൊരു സാക്ഷ്യത്തിനാണ്.

**എഫേസ്യർ 4:4-6 വരെ വായിക്കുക. ഈ മൂന്നു വാക്യങ്ങളിലെ നിർണ്ണായക ആശയം എന്താണ്?**

ഇതിലെ ആദ്യ വാക്യങ്ങളിൽ സഭൈക്യത്തിന് പൗലോസ് ഹഠാതാഗ്രഹിക്കുന്നു. ഐക്യ ആഹ്വാനത്തോടെയാണ് അദ്ദേഹം തുടങ്ങുന്നത് (എഫേ.4:1-3). എന്നിട്ട് വിശ്വാസികളെ ഒന്നിപ്പിക്കുന്ന ഏഴു ഘടകങ്ങളെക്കുറിച്ച് തുടരുന്നു (എഫേ. 4:4-6). ഐക്യമെന്നത് വിശ്വാസികൾ വഹിക്കുന്ന ഒന്നാണ് (എഫേ. 4:4-6) തുടർച്ചയായി ശ്രമിക്കേണ്ടതും മുന്നോട്ട് കൊണ്ടുപോകേണ്ടതുമാണ് (എഫേ. 4:1-3), ഭാവിയിൽ സഫലീകരിക്കാൻ പരിശ്രമിക്കേണ്ടതുമാണ് (എഫേ. 4:13).

"താൻ അവതരിപ്പിച്ച സത്യത്തിന്റെ ശക്തി ജീവിതത്തിൽ പ്രയോഗിക്കാൻ പൗലോസ് പറയുന്നു. എളിമയിലും താഴ്മയിലും സഹനത്തിലും സ്നേഹത്തിലും അവർ യേശുവിന്റെ സ്വഭാവം പിന്തുടരുന്നവരും രക്ഷയുടെ അനുഗ്രഹങ്ങൾ പ്രയോജനപ്പെടുത്തുന്നവരുമാകണം. ശരീരം, ആത്മാവ്, കർത്താവ്, വിശ്വാസം ഒന്ന്. ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങളെന്ന നിലയിൽ എല്ലാ വിശ്വാസികളും നയിക്കപ്പെടുന്നത് ഒരേ ആത്മാവിലും പ്രത്യാശയിലുമാണ്. സഭയിലെ ഭിന്നതകൾ ക്രിസ്തുമതത്തെ ലോക മുന്നിൽ അനാദരിക്കുന്നു. സത്യവിരോധികളുടെ മാർഗ്ഗങ്ങൾ ന്യായീകരിക്കാൻ അവസരവും നൽകുന്നു. പൗലോസ് എഴുതിയ നിർദ്ദേശങ്ങൾ അക്കാലത്തെ സഭയ്ക്കായി മാത്രമായിരുന്നില്ല. അത് നമ്മിലേക്കുമെത്തണമെന്ന് ദൈവം വിഭാവനം ചെയ്തു. സമാധാന ബന്ധത്തിൽ ആത്മാവിന്റെ ഐക്യത കാക്കുവാൻ നാമെന്താണ് ചെയ്യുന്നത്?" - *എലൻ ജി. വൈറ്റ്, ടെസ്റ്റിമണീസ് ഫോർ ദി ചർച്ച്, വാല്യം 5, പേജ് 239.*

**"വിളിച്ച വിളിക്ക് അനുയോജ്യമാം വിധം" ആണ് നിങ്ങൾ നടക്കുന്നതെന്ന് ഉറപ്പിക്കാൻ എന്ത് തെരഞ്ഞെടുപ്പ് ഇപ്പോൾ നടത്താനാകും?**

**ബുധൻ** **ഒക്ടോബർ 24**

## സഭാനേതാക്കളും ഐക്യവും

"എന്നാൽ നമ്മിൽ ഓരോരുത്തനു ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിനു ഒത്ത

വണ്ണം കൃപ ലഭിച്ചിരിക്കുന്നു" (എഫേ. 4:7). സ്വീകരിക്കുന്ന ഏവനും ലഭിക്കുന്നതാണ് രക്ഷ; എന്നാലോ ചില ആത്മീയ കൃപാവരങ്ങൾ ചില ആളുകൾക്ക് പ്രത്യേക ഉദ്ദേശത്തോടെ നൽകപ്പെടുന്നവയാണ്.

**എഫേസ്യർ 4:11 വായിക്കുക. നേതൃത്വത്തിന്റെ എന്ത് കൃപാവരങ്ങളാണ് ദൈവം സഭയ്ക്ക് നൽകുന്നത്?**

**എഫേസ്യർ 4:12 പ്രകാരം സഭയ്ക്ക് നേതൃത്വത്തിന്റെ പ്രത്യേക കൃപാവരങ്ങൾ നൽകിയതിലൂടെ ദൈവത്തിന്റെ ഉദ്ദേശമെന്താണ്? ഈ കൃപാവരങ്ങൾ തമ്മിലെന്താണ് ബന്ധം?**

എല്ലാ ക്രിസ്ത്യാനികളും ഒരർത്ഥത്തിൽ ദൈവത്തിന്റെയും ദൈവവചനത്തിന്റെയും ശുശ്രൂഷകരും സേവകരുമാണ്. മത്തായി 28:19,20 വാക്യങ്ങളിൽ ക്രിസ്തു ഏൽപിച്ച ദൗത്യം എല്ലാ ക്രിസ്ത്യാനികൾക്കുമാണ്. സകല ദേശങ്ങളിലും പോയി പഠിപ്പിച്ച് സ്നാനപ്പെടുത്തി ശിഷ്യരാക്കുക. സുവിശേഷവേല പാസ്റ്റർമാർക്കോ സുവിശേഷകർക്കോ ആയി മാത്രമുള്ളതല്ല, ക്രിസ്തു നാമമെടുക്കുന്ന സകലർക്കുമുള്ളതാണത്. അതിൽ നിന്ന് ആർക്കും മാറാനാവില്ല. പ്രത്യേക സുവിശേഷവേലയുണ്ടെന്ന് അവകാശപ്പെടാൻ ഒരു സഭാനേതാവിനുമാവില്ല. നേതൃത്വത്തിനുള്ള കൃപാവരങ്ങൾ സഭയെ ആത്മീയോന്നതിയിലെത്തിക്കാനാണ്. സഭാനേതൃത്വം ഐക്യം വളർത്താനും പ്രചരിപ്പിക്കാനും പ്രോത്സാഹിപ്പിക്കുകയുമാണ് വേണ്ടത്.

നേതൃത്വ കൃപാവരങ്ങളുടെ ഒരു പട്ടിക പൗലൊസ് തയ്യാറാക്കി. നഷ്ടപ്പെട്ടുപോയവരെ നേടാൻ ദൈവജനത്തെ പ്രാപ്തരാക്കാനാണ് ഇവ. സഭയ്ക്കുള്ളിൽ പ്രത്യേകമായി വിളിക്കപ്പെട്ട ജനമുണ്ട്. അവരുടെ ഉത്തരവാദിത്തമാണ് മറ്റുള്ളവരുടെ ദൈവീക ശുശ്രൂഷ പൂർത്തീകരിക്കാനും ക്രിസ്തുവിന്റെ വേല തികയ്ക്കാനും സഭയെ ശക്തീകരിക്കാനും സഹായിക്കുന്നത്. "നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം" (എഫേ. 4:12) ആ കർത്തവ്യം നിർവ്വഹിക്കണം. യേശുവിന്റെ നേതൃത്വശൈലിയുടെ മാതൃക സുവിശേഷ വേലയിൽ നമ്മെ നയിക്കണം. യേശു മറ്റുള്ളവരെ ശുശ്രൂഷിപ്പാനെത്തി. ശുശ്രൂഷ ഏറ്റുവാങ്ങാനല്ല (മത്താ.20:25–28) നമ്മളും അപ്രകാരം ചെയ്യണം.

സ്വാതന്ത്ര്യം ആസ്വദിക്കുക. ആരോടും ഉത്തരം ബോധിപ്പിക്കാനില്ലാത്തവരാകുക. ഈ പ്രവണതയാണ് മനുഷ്യർക്കിടയിൽ ഇന്നേറ്റവും കൂടുതൽ. പാശ്ചാത്യലോകം ഇതിൽ വീണുപോയി. ലോകത്തിൽ ഒരു ക്രിസ്ത്യാനിയും ഒറ്റയ്ക്കല്ല എന്ന് പൗലോസ് ഓർമ്മപ്പെടുത്തുന്നു. നമ്മൾ ആത്മീയ നേതാക്കൾക്കൊപ്പം ഒരു വിശ്വാസ സമൂഹമാണ്. ഒരുമിച്ചുള്ള യാത്രയിൽ പരസ്പരം പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. നാമെല്ലാവരും ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങളാണ്.

**എന്തെല്ലാം ആത്മീയ കൃപാവരങ്ങളാണ് നിങ്ങൾക്കുള്ളത്? പ്രാദേശിക സഭയുടെ ഐക്യത്തിനുവേണ്ടി അതെങ്ങനെ ഉപയോഗപ്പെടുത്തുന്നു?**

വ്യാഴം ഒക്ടോബർ 25

## ക്രിസ്തുവിലുള്ള മാനുഷിക ബന്ധങ്ങൾ

ക്രിസ്ത്യാനിത്വം ബന്ധങ്ങളുടെ മതമാണ്: ദൈവവുമായും പരസ്പരവും ഉള്ള ബന്ധം. ദൈവവുമായി അഗാധ ബന്ധമുണ്ടെന്ന് പറയുകയും അത് മറ്റുള്ളവരുമായുള്ളതിൽ പ്രതിഫലിക്കുന്നുമില്ലെങ്കിൽ ആ പറച്ചിൽ വൃഥാവാണ്. ശൂന്യതയിൽ ജീവിക്കാവുന്ന ഒന്നല്ല ക്രിസ്ത്യാനിത്വം. എഫേസ്യ ർക്കുള്ള ലേഖനത്തിൽ പൗലോസ് ചർച്ച ചെയ്യുന്ന ഐക്യത്തെപ്പറ്റിയുള്ള തത്വങ്ങൾ മറ്റുള്ളവരുമായുള്ള നമ്മുടെ ബന്ധത്തിലും പ്രയോഗിക്കാവുന്നവയാണ്.

**എഫേസ്യർ 5:15–21 വായിക്കുക. 21–ാം വാക്യത്തിൽ പൗലോസ് എന്ത് പറയുന്നു? വിധേയപ്പെടലും ഐക്യവും തമ്മിൽ എന്തു ബന്ധം ആണുള്ളത്?**

അന്യോന്യം സമർപ്പിക്കുക എന്ന പൗലോസിന്റെ ഉപദേശം എഫേസ്യർ 5:18–ലെ "ആത്മാവിൽ നിറയുക'' എന്ന പ്രയോഗവുമായി ബന്ധപ്പെട്ടു കിടക്കുന്നു. അന്യോന്യം കീഴടങ്ങലാണ് ആത്മാവിൽ നിറയുന്നതിന്റെ ഒരു പ്രകാശനം. മറ്റുള്ളവരുടെ വികാരങ്ങളെ യഥാർത്ഥത്തിൽ മാനിക്കുക, വിനയമുണ്ടാവുക ഒക്കെയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. തീർച്ചയായും ഇത് സ്വാഭാവിക സ്വഭാവ സവിശേഷതയുടെയല്ല മറിച്ച് ഹൃദയങ്ങളിൽ ആത്മാവ് വസിക്കുന്നതിന്റെ ഫലമാണ്. ക്രിസ്തുവിലെ ഐക്യത്തിന് നിദാനമായ അതേ ആത്മഫലം. ഇത്തരത്തിൽ കീഴടങ്ങുന്നത് ആന്തരിക മൂല്യമാണ്. അത് ക്രിസ്തുവോടും ക്രൂശു മരണത്തോടുമുള്ള കടപ്പാട് വ്യക്തമാക്കുന്നു.

**എഫേസ്യർ 5:22–6:9 വായിക്കുക. ക്രിസ്ത്യാനിയുടെ കുടുംബത്തിലും ജോലി സ്ഥലത്തും പരസ്പരം കീഴടങ്ങുകയെന്ന സ്വഭാവം എന്ത് മാറ്റമുണ്ടാക്കുന്നു? മാനുഷിക ബന്ധങ്ങളെ അതു എങ്ങനെ സ്വാധീനിക്കുന്നു?**

ഒരുപരിധിവരെ വീട്ടിലെ ഐക്യമാണ് സഭയിലെയും ഐക്യം. ഭാര്യയും ഭർത്താവും തമ്മിൽ സ്നേഹം, ഐക്യം, ബഹുമാനം എന്നിവ വേണമെന്ന് പൗലോസ് ഊന്നിപ്പറയുന്നു. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ സ്വയം ത്യജിച്ചുള്ള സ്നേഹം. ആയതിനാൽ കുടുംബത്തിലും സഭയിലും ക്രിസ്തുവിനെപ്പോലെ ബഹുമാനം ഭാര്യാഭർത്താക്കന്മാർക്കിടയിൽ ഉണ്ടാവണം. ഇപ്രകാരം തന്നെയാവണം സഭാംഗങ്ങൾ തമ്മിലും. ഈ ക്രിസ്തു സ്വഭാവം മാതാപിതാക്കളും മക്കളും തമ്മിലും മുതലാളി തൊഴിലാളി ബന്ധത്തിലും മാതൃകയാവണം. വീടുകളിൽ സമാധാനവും ഐക്യവുമുണ്ടാവണം, എന്നാലേ സഭാജീവിതത്തിലും അതുണ്ടാകൂ.

**കൂടെ ജോലി ചെയ്യുന്നവരോടോ കുടുംബാംഗങ്ങളോടോ പെരുമാറ്റ ത്തിൽ എന്ത് മാറ്റം വരുത്തണമെന്ന് തോന്നുന്നു? ഇന്നത്തെ വാക്യങ്ങളെ ധ്യാനിച്ചുകൊണ്ട് ഉത്തരം കണ്ടെത്താൻ ശ്രമിക്കൂ?**

വെള്ളി ഒക്ടോബർ 26

**കൂടുതൽ പഠനം:** *എലൻ ജി. വൈറ്റ്, "ദി സ്പിരിറ്റ് ഓഫ് യൂണിറ്റി", പേജ് 179–188, "ടെസ്റ്റിമണീസ് ഫോർ ദി ചർച്ച്" വാല്യം 9–ൽ നിന്ന്.*

"രാഷ്ട്രം, സ്ഥാനം, പദവി ഇവയുടെ മേൻമ ക്രിസ്തു പരിഗണിച്ചില്ല. പരീശന്മാരും ശാസ്ത്രിമാരും സ്വർഗ്ഗീയദാനങ്ങളുടെ പ്രയോജനം പ്രാദേശികമായും ദേശീയമായും എടുക്കാൻ നോക്കി. സർവ്വലോക ദൈവകുടുംബത്തെ മാറ്റിനിർത്തി. ഭിന്നതയുടെ എല്ലാ ചുവരുകളും ഇടിച്ചുകളവാൻ ക്രിസ്തു എത്തി. മഴയും വെയിലും വെളിച്ചവും ആർക്കും തടയാനാവാതെ ഭൂമിയെ തളിരണിയിക്കുന്ന പോലെയാണ് തന്റെ കരുണയും സ്നേഹവുമെന്ന് കാണിച്ചു കൊടുക്കാൻ യേശു എത്തി.

"യേശുവിന്റെ ജീവിതം ജാതിയില്ലാത്ത ഒരു മതം സ്ഥാപിച്ചു. ദൈവത്തിനു മുന്നിൽ ഒരേ സാഹോദര്യച്ചരടിൽ തുല്യരായി യഹൂദനും ജാതികളും സ്വതന്ത്രനും അടിമയും ഉള്ള ഒരു മതം. യാതൊരുവിധ നയങ്ങളും തന്റെ മുന്നേറ്റത്തെ സ്വാധീനിച്ചില്ല. അയൽക്കാരും അന്യരും സുഹൃത്തുക്കളും ശത്രുക്കളും തമ്മിൽ വേർതിരിവുകളില്ലായിരുന്നു. ജീവിന്റെ നീരുറവ തേടുന്ന ആത്മാക്കളായിരുന്നു യേശുവിനാവശ്യം." – *എലൻ ജി. വൈറ്റ്, ടെസ്റ്റിമണീസ് ഫോർ ദി ചർച്ച്, വാല്യം 9, പേജ് 190, 191.*

**ചർച്ച**

1. **ഈ പ്രസ്താവനയെക്കുറിച്ച് ചിന്തിക്കുക: "എഫേസ്യർ നാലാം അദ്ധ്യായത്തിൽ ദൈവപദ്ധതി ലളിതവും സ്പഷ്ടവുമായി വെളിപ്പെടുത്തിയിരിക്കുന്നു. തന്റെ മക്കളെല്ലാവരും സത്യം മുറുകെ പിടിക്കണം. സഭയിൽ ഐക്യം നിലനിർത്താൻ ദൈവം നിർദ്ദേശിച്ചിരിക്കുന്ന മാർഗ്ഗം സഭാംഗങ്ങൾ മാതൃകാപരമായ മതാനുഭവം ലോകത്തിനു മുന്നിൽ വെളിപ്പെടുത്തണമെന്ന് വ്യക്തമായി പ്രഖ്യാപിച്ചിരിക്കുന്നു." – എലൻ ജി. വൈറ്റ്, "ദി എസ്.ഡി.എ ബൈബിൾ കമന്ററി" വാല്യം 6, പേജ് 1117. സഭൈക്യത്തെപ്പറ്റി എന്താണ് എഫേസ്യർ 4–ൽ പറയുന്നത്? ആ ഐക്യം ഉറപ്പാക്കാൻ നമുക്കെന്ത് ചെയ്യാനാവും?**
2. **ഐക്യം എങ്ങനെയുണ്ടാകുമെന്ന ചോദ്യത്തിന്റെ ഉത്തരത്തിന് ഏറ്റവും ആവശ്യമായി വരുന്നത് എളിമയും കീഴടങ്ങലുമാണ്. ഇവ രണ്ടുമില്ലാതെ സഭയിൽ എന്ത് ഐക്യമാണുണ്ടാവുക? താഴ്മയും കീഴടങ്ങലും എങ്ങനെ പഠിക്കാം?**
3. **തർക്കിച്ച് മാറിനിന്നാലും എങ്ങനെ ഐക്യത്തിലെത്താം?**

**സംഗ്രഹം:** എഫേസ്യർക്കുള്ള ലേഖനത്തിൽ ക്രിസ്തുവിലാകുക എന്നതിനെക്കുറിച്ച് പൗലോസ് ക്രിസ്ത്യാനികൾക്ക് അനേകം ഉപദേശങ്ങൾ നൽകുന്നു. യേശുവിലുള്ള രക്ഷ നമ്മുടെ ജീവിതങ്ങളെ പ്രായോഗിക രീതികളിൽ മാറ്റുന്നു. നമ്മുടെ സകല മാനുഷിക ബന്ധങ്ങളും അതായത് സഭയിലെ സഹോദരി സഹോദരന്മാർ തമ്മിലുള്ള ബന്ധവും നമ്മുടെ ജീവിതത്തിലെ ക്രിസ്തുവിന്റെ ശക്തിയാൽ രൂപാന്തരം പ്രാപിക്കും. ഈ രൂപാന്തരമാണ് ഐക്യമുണ്ടാവാൻ നമുക്കത്യന്താപേക്ഷിതം.

****